©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം, ശനി
Thiruvananthapuram, Saturday

2026 ഫെബ്രുവരി 28
28th February 2026
1201 കുംഭം 16
16th Kumbham 1201
1947 ഫാൽഗുനം 9
9th Phalguna 1947

നമ്പർ No. 883

ഫാറം നം.10
ചട്ടം 21(16) കാണുക

19(1)-ാം വകുപ്പ് പ്രകാരമുള്ള പ്രഖ്യാപനം

കെ17-103151/2016 **2026 ഫെബ്രുവരി 26**

താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമിയെ സംബന്ധിച്ച് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം (കേന്ദ്ര ആക്ട് 30/2013) വകുപ്പ് 11 ൽ ഉപവകുപ്പ് 1 പ്രകാരമുള്ള വിജ്ഞാപനം 28.11.2024-ാം തീയതിയിലെ 3808-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിനാലും,

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് വകുപ്പ് 15(1) പ്രകാരം താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതു ആവശ്യത്തിനായി പരിഗണിച്ച് പൊന്നുംവിലയ്ക്ക്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഏറ്റെടുക്കേണ്ടതാണെന്ന്, സ്ഥലമെടുപ്പ് ആഫീസർ തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം സമുചിത സർക്കാരിന് ബോധ്യപ്പെട്ടിരിക്കുന്നതിനാലും,

ഇപ്പോൾ, അതിനാൽ പ്രസ്തുത നിയമത്തിന്റെ വകുപ്പ് 19 പ്രകാരം താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ളതും ഏകദേശം 0.0577ഹെക്ടർ അല്ലെങ്കിൽ അതിൽ അൽപ്പം കൂടുതലോ കുറവോ വിസ്തീർണ്ണം വരുന്ന സ്ഥലം ഒരു പൊതു ആവശ്യത്തിന് അതായത് നെടുമങ്ങാട്താലൂക്കിൽ തെന്നൂർ വില്ലേജിൽപ്പെട്ട ഭൂമി തെന്നൂർ പാലവും അനുബന്ധ റോഡ് വികസനത്തിനും ആവശ്യമുണ്ടെന്ന് ഇതിനാൽ പ്രഖ്യാപിക്കുകയും ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ (എൽ.എ) പി.ഡബ്ല്യു.ഡി. (സതേൺ സർക്കിൾ), ഫോർട്ട്, തിരുവനന്തപുരം എന്നയാളോട് നിർദ്ദേശിക്കുകയും ചെയ്യുന്നു.

സ്ഥലത്തിന്റെ ഒരു ത്രുപരേഖ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) പി.ഡബ്ല്യു.ഡി. (സതേൺ സർക്കിൾ), ഫോർട്ട്, തിരുവനന്തപുരം ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതും ഓഫീസ് സമയത്ത് എപ്പോൾ വേണമെങ്കിലും അത് പരിശോധിക്കാവുന്നതുമാണ്.

സർവ്വെയെ സംബന്ധിച്ച് അപ്പീൽ ഉണ്ടെങ്കിൽ ഈ വിജ്ഞാപനം പരസ്യപ്പെടുത്തി മൂന്നു മാസത്തിനകം 1961-ലെ കേരളാ സർവ്വെയും അതിരടയാളവും നിയമത്തിലെ (1961-ലെ 37-ാം നിയമം) 12-ാം വകുപ്പ് പ്രകാരം സ്പെഷ്യൽ തഹസിൽദാർക്ക്അവകാശ രേഖകളുടെ പകർപ്പ് സഹിതം സമർപ്പിക്കാവുന്നതാണെന്ന് ടി നിയമത്തിലെ 9-ാം വകുപ്പ് 2-ാം ഉപ വകുപ്പ് പ്രകാരം അറിയിക്കുന്നു. നിശ്ചിത സമയത്തിനുള്ളിൽ റിക്കാർഡുകൾ പരിശോധിച്ച് അപ്പീൽ സമർപ്പിക്കാത്ത പക്ഷം മേൽ പറഞ്ഞ റിക്കാർഡുകൾ അന്തിമമാണെന്ന് പരിഗണിച്ച് ഈ നിയമത്തിലെ 13-ാം വകുപ്പ് അനുസരിച്ച് അന്തിമ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതാണ്.

പട്ടിക I

പൊന്നുംവില സ്ഥലത്തിന്റെ വിശദ വിവരങ്ങൾ

ജില്ല - തിരുവനന്തപുരം

താലൂക്ക് -നെടുമങ്ങാട് **വില്ലേജ് -തെന്നൂർ**

(ഏകദേശ വിസ്തീർണ്ണമാണ് കൊടുത്തിരിക്കുന്നത്)

ക്രമ നമ്പർ	സർവ്വെ നമ്പർ	എൽ.എ. സബ് ഡിവിഷൻ	വിവരണം	വിസ്തീർണ്ണം (ഹെക്ടർ)
1	2980/2-1-5 2-1-6	3	പുരയിടം	0.0021
2	2980/2-1-4	4	പുരയിടം	0.0039
3	2983/6-2	4	പുരയിടം	0.0032
4	2983/6-3-1	5	പുരയിടം	0.0011
5	2983/6-2-3 6-2-4	6	പുരയിടം	0.0035

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

6	2984/1	2	പുരയിടം	0.0129
7	2994/1-1-2	6	പുരയിടം	0.0085
8	2994/1-1	8	പുരയിടം	0.0036
9	2994/2-1-1	9	പുരയിടം	0.0040
10	2994/2-2	10	പുരയിടം	0.0036
11	2996/1-2 2-1	7	പുരയിടം	0.0029
12	2996/1-7-1-1	9	പുരയിടം	0.0001
13	2996/1-7-1 1-7	10	പുരയിടം	0.0015
14	2996/1-1-1	11	പുരയിടം	0.0044
15	2996/1-1-1-1	12	പുരയിടം	0.0024
			ആകെ	**0.0577 ഹെക്ടർ**

പട്ടിക-II

പുന:സ്ഥാപനത്തിനുള്ള ഭൂമിയുടെ വിവരം

ബാധകമല്ല

പട്ടിക-III

പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള പാക്കേജിന്റെ സംക്ഷിപ്തം

ബാധകമല്ല

(ഒപ്പ്)
ജില്ലാ കളക്ടർ
തിരുവനന്തപുരം

വിശദീകരണക്കുറിപ്പ്

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ തെന്നൂർ വില്ലേജിൽപ്പെട്ട തെന്നൂർ പാലവും അനുബന്ധറോഡ്വികസനവുമായി ബന്ധപ്പെട്ട് 2013-ലെ ഭൂമിയേറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ വ്യവസ്ഥകൾക്കു വിധേയമായി ഏകദേശം 0.0627 ഹെക്ടർ ഭൂമിയേറ്റെടുക്കുന്നതിനും എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (റോഡ്സ് വിഭാഗം) തിരുവനന്തപുരം, അർത്ഥന സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ ചട്ടം 21(16) പ്രകാരം ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്.

ഈ വിജ്ഞാപനം മുകളിൽ പരാമർശിച്ച ലക്ഷ്യം കൈവരിക്കുന്നതിലേയ്ക്കായി മാത്രം

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.02.28 02:57:00 +05:30